LIBRARY ARCHIVES Kerala Legislative Assembly

ക്യാൻസർ, പി.സി.ഒ.ഡി., ഗർഭാശയരോഗങ്ങൾ, ഹോർമോൺ വ്യതിയാനം മൂലമുള്ള രോഗങ്ങൾ തുടങ്ങിയവയെ ഫലപ്രദമായി പ്രതിരോധിക്കുകയും പരിചരിക്കുകയും ചെയ്യുക എന്ന ഉദ്ദേശലക്ഷ്യത്തോടെ ആരംഭിച്ച ഒരു സമഗ്ര ചികിത്സാ പദ്ധതിയാണ് ഹോമിയോപ്പതി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന ആയുഷ് ഹോളിസ്റ്റിക്ക് സെന്ററുകൾ.

(ബി) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ആയുഷ് ഹോളിസ്റ്റിക്ക് സെന്ററുകളിൽ ചികിത്സ തേടിയെത്തിയ രോഗികളുടെയും രോഗശാന്തി ലഭിച്ചവരുടെയും കണക്കുകൾ ഉൾക്കൊള്ളുന്ന പ്രവർത്തന റിപ്പോർട്ട് പ്രസ്തുത സെന്ററുകളിൽ നിന്നും ഹോമിയോപ്പതി ഡയറക്ടറേറ്റിൽ ലഭ്യമാക്കുന്നുണ്ട്. ആയുഷ് ഹോളിസ്റ്റിക്ക് സെന്ററുകളുടെ പ്രവർത്തനം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ജീവിത ശൈലീരോഗങ്ങളെ പ്രതിരോധിക്കുന്നതിൽ ആയുഷ് ഹോളിസ്റ്റിക്ക് സെന്ററുകൾ ഫലപ്രദമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്ത് നിലവിൽ നാല് ആയുഷ് ഹോളിസ്റ്റിക്ക് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ ഹോമിയോ ആശുപത്രികളോടനുബന്ധിച്ചാണ് പ്രസ്തുത സെന്ററുകൾ പ്രവർത്തിക്കുന്നത്.

(ഡി) 2012-13 വാർഷിക പദ്ധതി പ്രകാരമാണ് തിരുവനന്തപുരത്തും കോഴിക്കോടും ആയുഷ് ഹോളിസ്റ്റിക്ക് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചത്. 2013-14 വാർഷിക പദ്ധതിയിൽ എറണാകുളത്തും കണ്ണൂരും കൂടി ആയുഷ് ഹോളിസ്റ്റിക്ക് സെന്ററുകൾ ആരംഭിച്ചു. തുടർന്ന് മറ്റ് ജില്ലകളിൽ കൂടി വാർഷിക പദ്ധതി പ്രകാരം ഘട്ടംഘട്ടമായി ആയുഷ് ഹോളിസ്റ്റിക്ക് സെന്ററുകൾ ആരംഭിക്കുന്നതും കാലക്രമേണ ആയുഷ് ഹോളിസ്റ്റിക്ക് സെന്ററുകളുടെ പ്രവർത്തനം എല്ലാ ജില്ലകളിലും ലഭ്യമാക്കുന്നതുമാണ്.

എച്ച്.ഐ.വി. ബാധിതയായ പെൺകുട്ടിക്ക് വീടും സ്ഥലവും നൽകുന്നതിന് നടപടി

24 (4307) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) എച്ച്.ഐ.വി. രോഗബാധ തടയുക, രോഗബാധിതർക്ക് ചികിത്സ ലഭ്യമാക്കുക, അവരെ പുനരധിവസിപ്പിക്കുക, രോഗികളുടെ ഉറ്റ ബന്ധുക്കൾക്ക് സംരക്ഷണം നൽകുക തുടങ്ങിയവയ്ക്കായി ഈ സർക്കാർ വന്നതിനു ശേഷം നാളിതുവരെ എത്ര തുക ചെലവഴിച്ചു; വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് എച്ച്.ഐ.വി. ബാധിതരായി കണ്ടെത്തിയവർ എത്രയെന്നും ഇവർക്ക് ആരോഗ്യപരിപാലനം ഉൾപ്പെടെ എന്തു സഹായം ചെയ്യുന്നു എന്നും

വ്യക്തമാക്കുമോ; എച്ച്.ഐ.വി. ബാധിതരുടെ എണ്ണം ഓരോ വർഷം കഴിയുന്തോറും എത്ര ശതമാനം കണ്ട് കുറയുന്നുവെന്നാണ് ആരോഗ്യവകുപ്പ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(സി) സംസ്ഥാന സർക്കാർ/സ്വകാര്യ ആശുപത്രികളിലെ ചികിത്സയിലൂടെയും അണുബാധയുള്ള രക്തം സ്വീകരിച്ചതിലൂടെയും എച്ച്.ഐ.വി. ബാധിതരായവർ ആരെല്ലാം; ഇവർക്ക് നൽകിയ ചികിത്സയുടെയും മറ്റ് സഹായങ്ങളുടെയും വിശദാംശം ലഭ്യമാക്കുമോ;

(ഡി) മാനന്തവാടി സ്വദേശിയായ 10 വയസ്സുകാരി പെൺകുട്ടിക്ക് സർക്കാർ ആശുപത്രിയിൽനിന്നും രക്തം സ്വീകരിച്ചതിലൂടെ എച്ച്.ഐ.വി. ബാധിച്ചതിനാൽ കുടുംബത്തിന് വീടും സ്ഥലവും നൽകുമെന്ന് മുഖ്യമന്ത്രി എന്നാണ് പ്രഖ്യാപിച്ചത്; പ്രസ്തുത പ്രഖ്യാപനം നാളിതുവരെ നടപ്പിലാക്കിയോ;

(ഇ) ഇല്ലെങ്കിൽ, സർക്കാരിന്റെ ഉറപ്പ് നിലനിൽക്കെ, നിത്യരോഗിയും എച്ച്.ഐ.വി. ബാധിതയുമായ കുട്ടിയുടെ കുടുംബം കണ്ടെത്തിയ ഭൂമി ഏറ്റെടുത്തു നൽകാത്തതിനുകാരണം എന്തെന്നും ഇതിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമെന്നും അവർക്കെതിരെ വകുപ്പ് തലത്തിലും നിയമപരവും ആയ എന്തെല്ലാം കർശനനടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(എഫ്) പെൺകുട്ടിക്കും കുടുംബത്തിനും വീടും സ്ഥലവും നൽകാമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം അടിയന്തരമായി നടപ്പിലാക്കാൻ നടപ്പുവർഷം നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി എച്ച്.ഐ.വി. രോഗബാധ തടയുന്നതിനും രോഗബാധിതർക്ക് ചികിത്സ ലഭ്യമാക്കുന്നതിനുമായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. ബോധവൽക്കരണം (Information Education and Communication (IEC)
2. രക്ത സുരക്ഷ (Blood Safety)
3. പൂലരി കേന്ദ്രങ്ങൾ (Sexually Transmitted Infection Clinic (STI)
4. ജ്യോതിസ് കേന്ദ്രങ്ങൾ (Integrated Counseling and Testing Centre (ICTC)
5. ഉഷസ്സ് കേന്ദ്രങ്ങൾ (Anti Retroviral Treatment Centre (ART)
6. ലക്ഷ്യാധിഷ്ഠിത ഇടപെടൽ (Targeted Interventions (TI)

LIBRARY ARCHIVES Kerala Legislative Assembly

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഇതിനായി ചെലവഴിച്ച തുക സംബന്ധിച്ച വർഷം തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.* കൂടാതെ സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ അവസരജന്യ രോഗങ്ങൾക്കുവേണ്ടിയുള്ള മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന 2013-14, 2014-2015 കാലയളവിൽ ഉഷസ്സ് കേന്ദ്രങ്ങൾ വഴി നൽകുകയുണ്ടായി.

(ബി) സംസ്ഥാനത്ത് എച്ച്.ഐ.വി. ബാധിതരായി സർക്കാർ പരിശോധന കേന്ദ്രത്തിലൂടെ 2005 മുതൽ ഒക്ടോബർ 2014 വരെ കണ്ടെത്തിയവരുടെ എണ്ണം 24,902 ആണ്. വർഷം തിരിച്ചുള്ള കണക്കുകൾ (അനുബന്ധം - ബി) ആയി ചേർക്കുന്നു*. എച്ച്.ഐ.വി. ബാധിതരുടെ ആരോഗ്യ പരിപാലനത്തിനായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹായത്തോടുകൂടി ജില്ലാ പഞ്ചായത്ത് മുഖേന പോഷകാഹാര വിതരണ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. ഇതിനു വേണ്ടി 2 ലക്ഷം രൂപ മുതൽ 30 ലക്ഷം രൂപ വരെയുള്ള തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ എ.ആർ.ടി. ചികിത്സ എടുക്കുന്ന എച്ച്.ഐ.വി. ബാധിതർക്ക് പ്രതിമാസ ധനസഹായമായി 400 രൂപ വീതവും യാത്രാബത്തയായി 120 രൂപയും (520 രൂപ) നൽകി വരുന്നു.

(സി) വയനാട് ജില്ലയിലെ മാനന്തവാടിയിൽ തലാസീമിയ ബാധിതയായ പെൺകുട്ടിക്ക് രക്തം സ്വീകരിച്ചതിലൂടെ എച്ച്.ഐ.വി. ബാധയുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. 24-06-2013-ലെ സ.ഉ. (എം.എസ്.) നം. 266/13/ആ.കു.വ. പ്രകാരം ഈ കുട്ടിക്ക് സൗജന്യ ചികിത്സ ഏർപ്പെടുത്തിയിട്ടുണ്ട്. ജൂലൈ 2013 മുതൽ നാളിതുവരെ ധനസഹായമായി പ്രതിമാസം 400 രൂപയും യാത്രാബത്തയായി 120 രൂപയും നൽകിവരുന്നു. കൂടാതെ പ്രതിമാസം 1000 രൂപ പ്രത്യേക ധനസഹായമായും നൽകിവരുന്നു. പെൺകുട്ടിക്ക് തലാസീമിയ രോഗത്തിനുള്ള ചികിത്സ ആരോഗ്യകിരണം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി-എഫ്) 31-12-2013-ലെ വീഡിയോ കോൺഫറൻസിൽ ബഹു. മുഖ്യമന്ത്രി നിർദ്ദേശിച്ച പ്രകാരം മാനന്തവാടി സ്വദേശിയായ അസ്മത് എന്നകുട്ടിക്ക് 24-10-2014--ലെ സ.ഉ. (എം.എസ്.) നമ്പർ 443/14/റവ. ഉത്തരവ് പ്രകാരം 12.5 ലക്ഷം രൂപ (പന്ത്രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ) അനുവദിച്ചിട്ടുണ്ട്. അത് നൽകുന്നതിന് വേണ്ട നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചിട്ടുണ്ട്. അസ്മത് എന്ന കുട്ടിയുടെ പിതാവിന് കൂടി അവകാശമുള്ള സ്ഥലത്ത് വീട് വയ്ക്കാൻ കഴിയുമോ എന്ന് അന്വേഷിച്ചതിൽ ടി സ്ഥലത്ത് വീട് വയ്ക്കാൻ സാധ്യമല്ലെന്ന്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അവകാശികൾ അറിയിച്ചിട്ടുള്ളതാണ്. അതിനാൽ കുട്ടിക്ക് സമ്മതവും സ്വീകാര്യവുമായ മാനന്തവാടി വില്ലേജിൽ റീസർവ്വേ നമ്പർ 254/1 ബി 1-ൽ ഉൾപ്പെട്ട 5 സെന്റ് സ്ഥലം വാങ്ങി വീട് വയ്ക്കാനുള്ള നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

ടാങ്കർ ലോറികളിലെ ജലവിതരണം

25 (4308) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടാങ്കർ ലോറികളിൽ ഉപയോഗ്യമല്ലാത്ത വിധത്തിലുള്ള ജലം വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ മലിനജലം വിതരണം ചെയ്യുന്നത് തടയുന്നതിന് കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ;

(സി) മലിനജലം വിതരണം ചെയ്തതിന്റെ പേരിൽ എത്ര ടാങ്കർ ലോറികളുടെ പെർമിറ്റ് കട്ട് ചെയ്തിട്ടുണ്ടെന്നും എത്ര അനധികൃത ടാങ്കർ ലോറികൾ പിടിച്ചെടുത്തിട്ടുണ്ടെന്നും ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിലും ഉപയോഗ്യമല്ലാത്ത വെള്ളം, കുടിവെള്ളമെന്ന രീതിയിൽ വിതരണം ചെയ്യുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ആയതുമൂലമുള്ള ഭക്ഷ്യവിഷബാധയും ജലജന്യരോഗങ്ങളും തടയാനുള്ള കരുതൽ നടപടികളുടെ ഭാഗമായി, ഭക്ഷ്യ സുരക്ഷാ കമ്മീഷണർ 11-01-2013 -ൽ എ-1/13/CFS എന്ന ഉത്തരവിലൂടെ ടാങ്കർ ലോറികളിൽ കുടിവെള്ളം വിതരണം ചെയ്യുന്നത് സംബന്ധിച്ച് മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പത്തനംതിട്ട ജില്ലയിൽ ഒരു ലോറി പിടിച്ചെടുത്ത് പിഴ ചുമത്തിയിട്ടുണ്ട്.

സുകൃതം ആരോഗ്യ പദ്ധതി

26 (4309) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുകൃതം ആരോഗ്യ പദ്ധതിയിലൂടെ കേന്ദ്ര സർക്കാർ എത്ര തുകയാണ് ഈ സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുള്ളത് വിശദമാക്കാമോ;

(ബി) സംസ്ഥാന സർക്കാർ ഈ പദ്ധതിക്കായി എന്തെങ്കിലും തുക വകയിരുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly